# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തിമൂന്ന്

## ന്യായപ്രമാണം—ദൈവത്തിന്റെ സാക്ഷ്യം

Sat ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ അതിവിശുദ്ധസ്ഥലത്തിലെ പെട്ടകത്തിൽ മൂന്നു നിർണ്ണായക വസ്തുക്കൾ ഉണ്ടായിരുന്നു: മറഞ്ഞിരിക്കുന്ന മന്നയും, തളിർക്കുന്ന വടിയും, ന്യായപ്രമാണ പലകകളും (9:4). കഴിഞ്ഞ അഞ്ചു ദൂതുകളിലായി മറഞ്ഞിരിക്കുന്ന മന്നയെയും തളിർക്കുന്ന വടിയെയുംകുറിച്ച് നമ്മൾ ഏറെക്കുറെ കണ്ടുകഴിഞ്ഞു. ഈ ദൂതിൽ നാം ന്യായപ്രമാണ പലകകളിലേക്കു വരുന്നു.

### ന്യായപ്രമാണം ദൈവത്തിന്റെ സാക്ഷ്യമാകുന്നു

വേദപുസ്തകത്തിൽ ന്യായപ്രമാണ പലകകൾ എന്ന പ്രയോഗം കണ്ടെത്തുക പ്രയാസമാണ്. പഴയനിയമം സാക്ഷ്യ പലകകളെക്കുറിച്ച് ഇടയ്ക്കിടെ സംസാരിക്കുകയും (പുറ. 31:18), പുതിയനിയമം ഉടമ്പടിയുടെ പലകകളെ പ്രതിപാദിക്കുകയും ചെയ്യുന്നു (9:4). എന്തുകൊണ്ടാണ് ന്യായപ്രമാണത്തെ സാക്ഷ്യ പലകകളെന്നും ഉടമ്പടിയുടെ പലകകളെന്നും വിളിക്കുന്നത്? പഴയനിയമത്തിൽ ന്യായപ്രമാണം പഴയ ഉടമ്പടിയായിരുന്നതുകൊണ്ട് ന്യായപ്രമാണത്തെ ഉടമ്പടിയുടെ പലകകളെന്നു വിളിച്ചിരുന്നു എന്ന് മനസ്സിലാക്കുവാൻ വളരെ എളുപ്പമാണ്. എന്നാൽ എന്തുകൊണ്ടാണ് ന്യായപ്രമാണത്തെ സാക്ഷ്യ പലകകളെന്നു വിളിച്ചതെന്നു മനസ്സിലാക്കുവാൻ പ്രയാസമാണ്. പെട്ടകം ഉണ്ടാക്കുവാൻ ദൈവം മോശെയോടു പറഞ്ഞപ്പോൾ (പുറ. 25:10), "ഞാൻ തരാനിക്കുന്ന സാക്ഷ്യം പെട്ടകത്തിൽ വെക്കേണം" (പുറ. 25:16) എന്ന് അവൻ പറഞ്ഞു. ഈ വാക്യത്തിലെ സാക്ഷ്യം ന്യായപ്രമാണത്തെയാണ് സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. ന്യായപ്രമാണം പെട്ടകത്തിൽ വയ്ക്കുവാൻ ദൈവം പറഞ്ഞില്ല; സാക്ഷ്യം അതിലേക്കു വയ്ക്കാനാണ് അവൻ പറഞ്ഞത്. സാക്ഷ്യം പെട്ടകത്തിൽ വച്ചതുകൊണ്ട്, പെട്ടകത്തെ സാക്ഷ്യ പെട്ടകമെന്നു വിളിച്ചു (പുറ. 25:22). കൂടാതെ, കൂടാരത്തെ സാക്ഷ്യകൂടാരം എന്നു വിളിച്ചു (സംഖ്യ. 17:8). ഇക്കാരണത്താൽ,

നമുക്ക് സാക്ഷ്യവും, സാക്ഷ്യപെട്ടകവും, സാക്ഷ്യകൂടാരവും ഉണ്ട്. മന്നയും തളിർക്കുന്ന വടിയും ന്യായപ്രമാണത്തിനു മുമ്പിൽ വച്ചപ്പോൾ, അവ സാക്ഷ്യത്തിനു മുമ്പിൽ വയ്ക്കുകയായിരുന്നു (പുറ. 16:34; സംഖ്യ. 17:10). സാക്ഷ്യത്തിനു മുമ്പിൽ വയ്ക്കുന്ന എന്തും ദൈവത്തിനു മുമ്പാകെയായിരുന്നു (പുറ. 16:33-34), കാരണം സാക്ഷ്യത്തെ അവനിൽനിന്നും വേർപിരിക്കുവാൻ കഴിയുമായിരുന്നില്ല. ചിലത് സാക്ഷ്യത്തിനു മുമ്പാകെയായിരുന്നപ്പോൾ, അത് ദൈവത്തിനു മുമ്പാകെയും, അതു ദൈവത്തിനു മുമ്പാകെയായിരുന്നപ്പോൾ അത് സാക്ഷ്യത്തിനു മുമ്പാകെയും ആയിരുന്നു. എന്താണ് ഈ സാക്ഷ്യം? പെട്ടകത്തെ സാക്ഷ്യപെട്ടകമെന്നും, കൂടാരത്തെ സാക്ഷ്യകൂടാരമെന്നും വിളിക്കുന്നുവെന്ന് നാം കണ്ടു. ന്യായപ്രമാണം ദൈവത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതുകൊണ്ട് അതിനെ സാക്ഷ്യമെന്നു വിളിച്ചു. ഇക്കാരണത്താൽ അത് ദൈവത്തിന്റ സാക്ഷ്യമായിരുന്നു.

ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ഉല്പത്തി 1:26-ൽ നമ്മോടു പറയുന്നു. മനുഷ്യനിലൂടെ ഒരു ആവിഷ്കാരം ഉണ്ടായിരിക്കണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ഈ ആവിഷ്കാരമാണ് അവന്റെ സാക്ഷ്യം. അതുകൊണ്ട്, ദൈവത്തിന്റെ സാക്ഷ്യം ദൈവത്തിന്റെ ആവിഷ്കാരമാണ്. അത് ആവിഷ്കരിക്കപ്പെട്ട ദൈവമാണ്. ദൈവത്തിന്റെ ഉദ്ദേശ്യം ആദ്യംമുതലേ, ഇപ്പോഴും, നിത്യതയോളവും ഇതുതന്നെയായിരിക്കും—ദൈവം ആവിഷ്കരിക്കപ്പെടുകയും ഒരു സാക്ഷ്യം ഉണ്ടായിരിക്കുകയും ചെയ്യേണ്ടതിന് അവനെത്തന്നെ മനുഷ്യനിലേക്കു പണിതുചേർക്കുക. എന്നാൽ ദൈവം ഇതു നിർവഹിക്കുന്നതിനുമുമ്പ് മനുഷ്യൻ വീണുപോയി. തന്റെ വീണുപോയ സ്വഭാവത്തിൽ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ മനുഷ്യൻ നന്മ ചെയ്യാൻ ശ്രമിച്ചു. ഇതു നിമിത്തം ദൈവം മനുഷ്യന് ന്യായപ്രമാണം നല്കി. വീണുപോയ ആളത്വമെന്ന നിലയിൽ ദൈവത്തെ തൃപ്തിപ്പെടുത്താനോ അവനെ ആവിഷ്കരിക്കാനോ കഴിയില്ലെന്ന് മനുഷ്യന് അറിയാത്തതുകൊണ്ട് ദൈവം മനുഷ്യന് ന്യായപ്രമാണം കൊടുത്തു. എന്നാൽ ന്യായപ്രമാണം കൊടുത്തതിനുശേഷം സാക്ഷ്യം എന്നു വിളിച്ചുകൊണ്ട് ദൈവം പെട്ടെന്ന് അതിന്റെ പദപ്രയോഗം മാറ്റി. ദൈവം മനുഷ്യനു നല്കിയത് ന്യായപ്രമാണമായിരുന്നു, എന്നാൽ അതിനെ ന്യായപ്രമാണമെന്നല്ല സാക്ഷ്യമെന്നാണ് മുഖ്യമായും വിളിച്ചിരുന്നത്. ന്യായപ്രമാണത്തെ കുറിക്കുന്നതിന് സങ്കീർത്തനം 11 നിരവധി തവണ സാക്ഷ്യം എന്ന പദം ഉപയോഗിച്ചു (വാ. 2, 88, 168). സങ്കീർത്തനം 119-ൽ ഈ പദം ഉപയോഗിച്ച ഓരോ സമയത്തും അത് ന്യായപ്രമാണത്തെയാണ് പരാമർശിച്ചത്.

മനുഷ്യന്റെ ധാരണയനുസരിച്ച്, ന്യായപ്രമാണമെന്നാൽ പത്തു കല്പനയെന്നാണ്. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യം

ന്യായപ്രമാണം ചില കല്പനകളായിരിക്കണമെന്നല്ല, അത് അവന്റെ സാക്ഷ്യമായിരിക്കണം എന്നാണ്. ഞാൻ ക്രിസ്തുമതത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്തോടുള്ള ബന്ധത്തിൽ സാക്ഷ്യം എന്ന പ്രയോഗം ഞാൻ ഒരിക്കലും കേട്ടിട്ടില്ല. ഞാൻ പത്തു കല്പനകളെക്കുറിച്ചു മാത്രമേ കേട്ടിരുന്നുള്ളൂ. ക്രിസ്തുമതത്തിൽ സഭയെന്നു വിളിക്കപ്പെടുന്നതിൽ അംഗത്വത്തിനുവേണ്ടി അനേകം യുവാക്കളെ പരീക്ഷിക്കുമ്പോൾ അവർ പത്തു കല്പനകൾ ഉരുവിടണം. കല്പനകൾ ഉരുവിടുവാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാമെങ്കിലും, ഒരുപക്ഷേ സങ്കീർത്തനം 119-ലെ സാക്ഷ്യം ന്യായപ്രമാണമാണെന്ന് നിങ്ങൾ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല. വാസ്തവത്തിൽ സങ്കീർത്തന പുസ്തകത്തിൽ സാക്ഷ്യമെന്ന പദം ന്യായപ്രമാണത്തെയാണ് പരാമർശിക്കുന്നത്. ഞാൻ ഒരിക്കൽക്കൂടി പറയട്ടെ, ദൈവത്തിന്റെ ഉദ്ദേശ്യത്തിലും അവന്റെ ധാരണയനുസരിച്ചും ന്യായപ്രമാണം അവന്റെ സാക്ഷ്യമാണ്. എന്നാൽ മാനുഷിക ധാരണയനുസരിച്ച് ന്യായപ്രമാണം പത്തു കല്പനകളാണ്. ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് തീർച്ചയായും പത്തു കല്പനകളായിരിക്കും. എന്നാൽ ജീവൻ എന്താണെന്ന് നിങ്ങൾ അറിയുകയും, ന്യായപ്രമാണം പാലിക്കുന്നതിനുപകരം നിങ്ങൾ ദൈവത്തോടുകൂടെ നടക്കുകയും ചെയ്യുന്നുവെങ്കിൽ, ന്യായപ്രമാണം ദൈവത്തിന്റെ സാക്ഷ്യം, ദൈവത്തിന്റെ ആവിഷ്കാരം ആണെന്ന് നിങ്ങൾ തിരിച്ചറിയും.

## ഓരോ നിയമത്തിന്റെയും രണ്ടു വശങ്ങൾ

ഓരോ നിയമത്തിനും രണ്ടു വശങ്ങളുണ്ട്, നിയമം പാലിക്കുന്നവന്റെ വശവും നിയമം ഉണ്ടാക്കിയവന്റെ വശവും. നിയമങ്ങൾ ജനം പാലിക്കാനുള്ളതാണ്. മുമ്പ് ഞങ്ങൾ നിരവധി തവണ പ്രതിപാദിച്ചിട്ടുള്ളതുപോലെ നിങ്ങൾ ഏതു തരത്തിലുള്ള നിയമം ഉണ്ടാക്കുന്നു എന്നത് നിങ്ങൾ ഏതു തരത്തിലുള്ള വ്യക്തിയാണെന്ന് വെളിപ്പെടുത്തുന്നു. ബാങ്കു കൊള്ളക്കാർക്ക് നിയമം ഉണ്ടാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ബാങ്കുകൊള്ളയെ അവർ നിയമാനസൃതമാക്കുമായിരുന്നു. വേശ്യാവൃത്തി പോലെയുള്ള ദുഷിച്ച കാര്യങ്ങൾ നിയമാനുസൃതമാക്കാൻ ചില നിയമ നിർമ്മാതാക്കൾ ആഗ്രഹിക്കുന്നു. അവർതന്നെ ദുഷിച്ചവരാണെന്ന് ഇത് വെളിപ്പെടുത്തുന്നു. ദുഷിച്ചവരായ നിയമ നിർമ്മാതാക്കൾ ദുഷിച്ച നിയമങ്ങളെ നടപ്പിൽവരുത്തും. നാം ഉണ്ടാക്കുന്ന നിയമങ്ങൾ നാം ഏതു തരത്തിലുള്ള ജനമാണെന്ന് പ്രകടമാക്കുന്നു എന്നത് ഒരു രാഷ്ട്രത്തിൽ മാത്രമല്ല, ഒരു കുടുംബത്തിലും സത്യമാണ്. ഒരു കുടുംബത്തിലെ മാതാപിതാക്കൾ എല്ലാ ദിവസവും വളരെ താമസിച്ച് ഉണരുകയും വീട് വൃത്തിയാക്കാതെയും ഇരിക്കുന്നുവെങ്കിൽ, അവരുടെ

മക്കൾ വളരെ താമസിച്ചുണരാനും വീട് അലങ്കോലമായിടാനും അനുവദിക്കുന്ന കുടുംബ നിയമങ്ങൾ അവർ ഉണ്ടാക്കും. എന്നാൽ മാതാപിതാക്കൾ വളരെ കണിശക്കാരും, വൃത്തിയുള്ളവരും, വെടിപ്പുള്ളവരും ശുഷ്കാന്തിയുള്ളവരുമാണെങ്കിൽ, അവർക്ക് വ്യത്യസ്തമായ ഒരു കുടുംബ നിയമം ഉണ്ടായിരിക്കും. അവരുടെ മക്കൾ രാവിലെ നേരത്തേ ഉണരാനും, തങ്ങളെത്തന്നെ വൃത്തിയാക്കുവാനും മുറികൾ വൃത്തിയാക്കുവാനും അവർ ആവശ്യപ്പെടും. ഇത്തരത്തിലുള്ള വീട് ഞാൻ സന്ദർശിക്കുകയും ഈ വിധത്തിലുള്ള ചിട്ടകൾ കാണുകയും ചെയ്താൽ, അവിടെയുള്ള മാതാപിതാക്കൾ ശുഷ്കാന്തിയുള്ളവരും വൃത്തിയുള്ളവരുമാണെന്ന് ഞാൻ ഉടനെ അറിയും. എന്നാൽ അലങ്കോലമായി കിടക്കുകയും, രാവിലെ താമസിച്ചുണരുവാൻ അനുവദിക്കുകയും ചെയ്യുന്ന കുട്ടികളുള്ള ഒരു വീട്ടിലേക്കു ഞാൻ പോകുന്നുവെങ്കിൽ, ആ വീട്ടിലെ മാതാപിതാക്കൾ ഏതു തരത്തിലുള്ളവരാണെന്ന് ഞാൻ തിരിച്ചറിയും. നാം ഉണ്ടാക്കുന്ന നിയമങ്ങൾ നാം എന്താണെന്ന് സാക്ഷ്യപ്പെടുത്തുന്നതിനാൽ നമ്മുടെ നിയമം നമ്മുടെ സാക്ഷ്യമായിത്തീരുന്നു. നിയമം ഉണ്ടാക്കുന്നവന്റെ വശത്ത്, നിയമം ഒരു സാക്ഷ്യമാണ്; എന്നാൽ നിയമം പാലിക്കുവന്റെ വശത്ത്, നിയമം ഒരു കല്പനയോ ചട്ടമോ ആണ്. ദൈവത്തിന്റെ നിയമത്തിനും ഈ രണ്ടു വശങ്ങളുണ്ട്. നിയമം പാലിക്കുവാൻ പരിശ്രമിക്കുന്ന നമുക്ക് അത് പത്തു കല്പനകളാണ്, എന്നാൽ ദൈവത്തിന് അത് അവന്റെ സാക്ഷ്യമാണ്.

## ക്രിസ്തുവിന്റെ ഒരു മുൻകുറിയായ ന്യായപ്രമാണം

ന്യായപ്രമാണം ക്രിസ്തുവിന്റെ ഒരു മുൻകുറിയാണെന്നു പറയുന്ന ചില പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. വളരെക്കാലം ഞാൻ ഇതിനാൽ അസ്വസ്ഥനായിരുന്നു. വെപ്പാട്ടിയുടെ സ്ഥാനമുള്ള ന്യായപ്രമാണത്തിന് (ഗലാ. 4:24) എങ്ങനെ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരിക്കുവാൻ കഴിയും? നാം പാലിക്കുവാനുള്ള കല്പനകളെന്ന നിലയിൽ ന്യായപ്രമാണത്തിന്റെ വശത്തുള്ള അതിന്റെ സ്ഥാനം വെപ്പാട്ടിയുടേതാണ്. എന്നാൽ ദൈവത്തിന്റെ സാക്ഷ്യമെന്ന നിലയിൽ ന്യായപ്രമാണത്തിന്റെ വശത്ത്, അത് ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്. ദൈവത്തിന്റെ യഥാർഥവും, ജീവിക്കുന്നതും, പൂർണ്ണവും, മതിയായതുമായ സാക്ഷ്യം ക്രിസ്തു തന്നെയാണ്. അങ്ങനെ, ന്യായപ്രമാണം ദൈവത്തിന്റെ ജീവിക്കുന്ന സാക്ഷ്യമെന്ന നിലയിൽ ക്രിസ്തുവിനെ മുൻകുറിക്കുന്നു. ക്രിസ്തു ദൈവത്തെ ആവിഷ്കരിക്കുന്നു. ന്യായപ്രമാണം നല്കപ്പെട്ടു, എന്നാൽ ക്രിസ്തു ദൈവത്തിന്റെ ജീവിക്കുന്ന ആവിഷ്കാരമായിരിക്കുവാൻ വന്നു (യോഹ. 1:17). ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവം ആയിരുന്നു (യോഹ. 1:1). പിന്നെ ദൈവത്തിന്റെ

ആവിഷ്കാരമായിരിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി, വചനം കൃപയും യാഥാർഥ്യവും നിറഞ്ഞ, ജഡമായിത്തീർന്നു (യോഹ. 1:14). ദൈവം ക്രിസ്തുവിൽ ദേഹരൂപമായതുകൊണ്ട്, ക്രിസ്തു ആണ് ദൈവത്തിന്റെ ജീവിക്കുന്നതും, പൂർണ്ണവും, മതിയായതുമായ സാക്ഷ്യം.

ന്യായപ്രമാണം ദൈവത്തിന്റെ ആവിഷ്കാരമായ, ദൈവത്തിന്റെ സാക്ഷ്യമാണെന്ന് നാം കണ്ടു. ദൈവം എന്തു തരം ദൈവമാണെന്നറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ അവൻ ഉണ്ടാക്കിയ നിയമം നിങ്ങൾ വായിക്കണം. നിങ്ങൾ പത്തു കല്പനകൾ വായിക്കുന്നുവെങ്കിൽ ആ നിയമങ്ങൾ ഉണ്ടാക്കിയവൻ തീർച്ചയായും വിശുദ്ധനും, നീതിമാനും, സ്നേഹിക്കുന്നവനും, വെളിച്ചത്തിലുള്ളവനും ആണെന്ന് നിങ്ങൾ കാണും. ദൈവം വിശുദ്ധനും നീതിമാനുമാണെന്നും, അവൻ സ്നേഹവും വെളിച്ചവുമാണെന്നും പത്തു കല്പനകൾ തെളിയിക്കുന്നു. ദൈവം വെളിച്ചത്തിന്റെ ദൈവവും സ്നേഹത്തിന്റെ ദൈവവും ആണ്. അവൻതന്നെ വെളിച്ചവും സ്നേഹവും ആകുന്നു (1 യോഹ. 1:5; 4:8) അവൻ വിശുദ്ധനും നീതിമാനും ആണ്. അവൻ ഇങ്ങനെയുള്ള ദൈവമാണെന്ന് ന്യായപ്രമാണം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ന്യായപ്രമാണം അക്ഷരത്തിലുള്ള വെറുമൊരു സാക്ഷ്യമായിരുന്നു. ക്രിസ്തു വന്നപ്പോൾ, ദൈവത്തിന്റെ സാക്ഷ്യം ജീവനുള്ളതായി ത്തീർന്നു. അത് ഇനി അക്ഷരങ്ങളല്ല, ജീവിക്കുന്ന ഒരു വ്യക്തിയാണ്. യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ ദൈവത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായിരുന്നു. അവൻ പോയിടത്തെല്ലാം അവൻ ദൈവത്തെ ആവിഷ്കരിച്ചു. അവൻ ചെയ്തതും, പറഞ്ഞതും, ചിന്തിച്ചതുമെല്ലാം ദൈവത്തെ ആവിഷ്കരിച്ചു. അവൻ ദൈവത്തിന്റെ ദേഹരൂപ മായിരുന്നതുകൊണ്ട് അവൻ ദൈവത്തിന്റെ ആവിഷ്കാരവും സാക്ഷ്യവുമായിരുന്നു. പഴയനിയമത്തിന്റെ നാളുകളിൽ ദൈവം എങ്ങനെയുള്ളവനാണെന്ന് അറിയുവാൻ നിങ്ങൾ ആഗ്രഹിച്ചി രുന്നെങ്കിൽ, നിങ്ങൾ ന്യായപ്രമാണത്തെ നോക്കണമായിരുന്നു. എന്നാൽ ഇന്ന് ദൈവം എങ്ങനെയുള്ളവനാണെന്ന് അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ യേശുക്രിസ്തുവിന്റെ അടുക്കൽ വരണം. പഴയനിയമത്തിൽ ന്യായപ്രമാണം ദൈവത്തിന്റെ സാക്ഷ്യമായിരുന്നു, എന്നാൽ ഇന്ന് യേശുക്രിസ്തു അവന്റെ ജീവിക്കുന്നതും, പൂർണ്ണവും, മതിയായതുമായ സാക്ഷ്യമാണ്.

## കൂടാരത്തിലെ ആത്യന്തികവും കേന്ദ്രവുമായ കാര്യം

ദൈവത്തിന്റെ സാക്ഷ്യമായ ന്യായപ്രമാണം എന്ന ഈ ആശയം പിടിച്ചുകൊള്ളുന്നത് എബ്രായർ 9 മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും. ന്യായപ്രമാണത്തിന്റെ സാക്ഷ്യ പലകകളെ

പരാമർശിച്ചുകൊണ്ട് എബ്രായർ 9:4 ഉടമ്പടിയുടെ പലകകളെ പ്രതിപാദിക്കുന്നു. എബ്രായർ 9 അനുസരിച്ച് ഉടമ്പടിയുടെ പലകകൾ കൂടാരത്തോടു ബന്ധപ്പെട്ട വസ്തുക്കളിൽ ഏറ്റവും അവസാനത്തേതായിരുന്നു. പ്രാകാരത്തിൽ യാഗപീഠവും തൊട്ടിയും ഉണ്ടായിരുന്നു; വിശുദ്ധസ്ഥലത്തിൽ കാഴ്ചയപ്പത്തിന്റെ മേശയും, നിലവിളക്കും, ധൂപപീഠവും ഉണ്ടായിരുന്നു; അതിവിശുദ്ധ സ്ഥലത്ത് പെട്ടകമുണ്ടായിരുന്നു, അതിൽ മറഞ്ഞിരുന്ന മന്നയും, തളിർക്കുന്ന വടിയും, ഉടമ്പടി പലകകളും ഉണ്ടായിരുന്നു. ഇതിൽ നാം കാണുന്നത് അവസാനത്തേതും ആത്യന്തികവുമായ വസ്തു ഉടമ്പടി പലകകളായ സാക്ഷ്യമാണെന്നാണ്. പെട്ടകത്തിലെ മൂന്നു വസ്തുക്കൾ വിശുദ്ധസ്ഥലത്തിലുള്ളവയെക്കാൾ ആഴമുള്ളതാണ്. വിശുദ്ധസ്ഥലത്തിലെ വസ്തുക്കൾ വെറും ആരംഭമാണ്, എന്നാൽ പെട്ടകത്തിലെ വസ്തുക്കൾ ആത്യന്തികമായ പരിണതിയാണ്. കാഴ്ചയപ്പത്തിന്റെ ആത്യന്തിക പരിണതി മറഞ്ഞിരിക്കുന്ന മന്നയും, ധൂപപീഠത്തിന്റെ ആത്യന്തിക പരിണതി തളിർക്കുന്ന വടിയും, നിലവിളക്കിന്റെ ആത്യന്തിക പരിണതി സാക്ഷ്യവും ആണ്. കൂടാരത്തോടു ബന്ധപ്പെട്ടിരിക്കുന്ന സകല കാര്യങ്ങളിലുംവച്ച് സാക്ഷ്യ പലകകളാണ് പരമോന്നതം. അവ മുന്തിയ കാര്യമാണെന്നു മാത്രമല്ല, അവയാണ് ഏറ്റവും കേന്ദ്രീയ വസ്തുവും. അവ കൂടാരത്തിന്റെ ഒത്ത മധ്യത്തിലാണ്.

കൂടാരത്തിൽ നമുക്ക് നിരവധി പാളികൾ കാണാൻ കഴിയും. ഒന്നാമത്തെ പാളി മറ്റെല്ലാറ്റിൽനിന്നും കൂടാരത്തെയും പ്രാകാരത്തെയും വേർതിരിക്കുന്ന മറശ്ശീലയും, രണ്ടാമത്തേത് കൂടാരത്തിന്റെ ചുമരും, മൂന്നാമത്തേത് വിശുദ്ധസ്ഥലത്തുനിന്നും അതിവിശുദ്ധസ്ഥലത്തെ വേർതിരിക്കുന്ന തിരശ്ശീലയും ആണ്. സാക്ഷ്യം വച്ചിരിക്കുന്ന സാക്ഷ്യപെട്ടകമാണ് നാലാമത്തെ പാളി. അങ്ങനെ സാക്ഷ്യമാണ് കൂടാരത്തിന്റെ കേന്ദ്രം.

## ജീവപ്രമാണം ക്രിസ്തുവിൽ ആകുന്നു

രക്ഷിക്കപ്പെട്ട ജനമെന്ന നിലയിൽ നാം ദൈവത്തിന്റെ ആലയമാണ് (1 കൊരി. 3:16). നമ്മുടെ ശരീരം പ്രാകാരവും, നമ്മുടെ ദേഹി വിശുദ്ധസ്ഥലവും, നമ്മുടെ ആത്മാവ് അതിവിശുദ്ധസ്ഥലവുമാണ്. ജീവപ്രമാണം പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തോ അല്ല, അതിവിശുദ്ധസ്ഥലത്താണ് ഉള്ളത്. എങ്കിലും, അത് അതിവിശുദ്ധസ്ഥലത്തിൽ മാത്രമാണെന്നു പറയുന്നതു മതിയാകയില്ല, കാരണം അത് പെട്ടകത്തിലാണ്, അതായത് നാലാമത്തെ പാളിക്കുള്ളിലാണ്. ജീവപ്രമാണം പെട്ടകത്തിലും, പെട്ടകം അതിവിശുദ്ധസ്ഥലത്തും, അതിവിശുദ്ധസ്ഥലം കൂടാരത്തിലും, കൂടാരം പ്രാകാരത്തെ വേർതിരിക്കുന്ന മറശ്ശീലയ്ക്കുള്ളിലും ആണ്. പ്രാകാരം നമ്മുടെ ശരീരമാണെന്നും, വിശുദ്ധസ്ഥലം

നമ്മുടെ ദേഹിയാണെന്നും, അതിവിശുദ്ധസ്ഥലം നമ്മുടെ ആത്മാവാണെന്നും നാം കണ്ടു. അപ്പോൾ പെട്ടകം എന്താണ്? അത് ക്രിസ്തു ആണ്. ക്രിസ്തു പെട്ടകമായതിനാൽ ജീവപ്രമാണം നേരിട്ട് നമ്മുടെ ആത്മാവിലാണെന്നു നാം പറയരുത്. നമുക്ക് ഒരു ആത്മാവുണ്ടെങ്കിലും, അതിൽ ക്രിസ്തു ഇല്ലെങ്കിൽ ജീവപ്രമാണം നമ്മുടെ ആത്മാവിൽ ഇല്ല. ജീവപ്രമാണം നമ്മുടെ ആത്മാവിലുള്ളത് ജീവപ്രമാണം ക്രിസ്തുവിലും ക്രിസ്തു നമ്മുടെ ആത്മാവിലും ഉള്ളതുകൊണ്ടാണ്.

ന്യായപ്രമാണത്തെ യാഗപീഠത്തിൽ വയ്ക്കുവാൻ ദൈവം എന്തുകൊണ്ട് തന്റെ ജനത്തോടു പറഞ്ഞില്ല? എന്തുകൊണ്ടാണ് അതിനെ പെട്ടകത്തിൽ വയ്ക്കുവാൻ അവൻ അവരോടു കല്പിച്ചത്? ന്യായപ്രമാണത്തെ യാഗപീഠത്തിൽ വയ്ക്കുന്നത് ഒരു അബദ്ധ മാകുമായിരുന്നു, കാരണം ന്യായപ്രമാണം പാലിക്കുക എന്നതായിരുന്നില്ല അവന്റെ ഉദ്ദേശ്യം. ഇല്ല, ദൈവത്തിന്റെ ധാരണയനുസരിച്ച് ന്യായപ്രമാണം അവന്റെ സാക്ഷ്യമായിരിക്കണ മായിരുന്നു. അതുകൊണ്ട്, അവന്റെ ന്യായപ്രമാണത്തെ അവൻ അതിവിശുദ്ധസ്ഥലത്തുള്ള പെട്ടകത്തിൽ വച്ചു.

നിങ്ങൾക്ക് ദൈവത്തെപ്പോലെയായിരിക്കുവാൻ കഴിയുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? അത് അസാധ്യമാണ്. എല്ലാ ദിവസവും നിങ്ങൾ പത്തു കല്പനകൾ വായിക്കുകയും, അവയെക്കുറിച്ച് പ്രാർഥിക്കുകയും, അവയെ സംബന്ധിച്ച് ഉപവസിക്കുകയും, അവയെ പ്രമാണിക്കുവാൻ നിങ്ങളാലാവോളം ശ്രമിക്കുകയും ചെയ്യുന്നുവെങ്കിൽ, അപ്പോഴും അവയെ പ്രമാണിക്കുവാൻ നിങ്ങൾ അപ്രാപ്തനായിരിക്കും. നിങ്ങൾക്കൊരിക്കലും ദൈവത്തിന്റെ പ്രമാണത്തോട് നിങ്ങളെത്തന്നെ യോജിപ്പിക്കുവാൻ കഴിയുകയില്ല. അവനെ ആവിഷ്കരിക്കുവാനും നിങ്ങൾക്കു കഴിയുകയില്ല. ദൈവത്തിന്റെ ഉദ്ദേശ്യം ന്യായപ്രമാണം അനുസരിക്കുവാൻ നാം ശ്രമിക്കണമെന്നോ അവനെ ആവിഷ്കരിക്കുവാൻ നാം പരിശ്ര മിക്കണമെന്നോ അല്ല. ഒന്നാമത്, അവന്റെ ആഗ്രഹം അവൻ എന്താണെന്നു നമ്മെ കാണിക്കുന്നതാണ്. ന്യായപ്രമാണത്തെ നാം എത്ര അധികമായി സ്നേഹിച്ചാലും നമുക്കതു നിറവേറ്റുവാൻ കഴിയുകയില്ല. പിന്നെന്താണ് ദൈവം ചെയ്യേണ്ടത്? അവൻ പറഞ്ഞു, "ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും: ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമാകും." (8:10). ദൈവത്തിന്റെ ഉദ്ദേശ്യം അവന്റെ പ്രമാണത്തെ നമ്മുടെ ഉള്ളിലേക്ക്, നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക്, നമ്മുടെ ഹൃദയത്തിലേക്കുപോലും വയ്ക്കുക

എന്നതാണ്. നാം ന്യായപ്രമാണം പാലിക്കണമെന്നല്ല ഇതർഥമാക്കുന്നത്. ഇല്ല, അതർഥമാക്കുന്നത് പ്രമാണം സ്വതേതന്നെ നമ്മുടെ ഉള്ളിൽനിന്നു പുറത്തേക്കു പ്രവർത്തിക്കും എന്നാണ്. ദൈവം എന്തുകൊണ്ടാണ് ന്യായപ്രമാണത്തെ പെട്ടകത്തിലേക്കും പെട്ടകത്തെ അതിവിശുദ്ധസ്ഥലത്തിലേക്കും വച്ചതെന്ന് ഇതു വെളിപ്പെടുത്തുന്നു. ഈ പ്രമാണത്തിന് എങ്ങനെ നമ്മുടെ ഉള്ളിലേക്ക് കടക്കുവാൻ കഴിയും? ക്രിസ്തുവിലൂടെ മാത്രം. ക്രിസ്തു നമ്മിലേക്ക് കടക്കുമ്പോൾ, ഈ പ്രമാണം നമ്മിലേക്കു വരുന്നു. നാം ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ, നാം പ്രമാണം സ്വീകരിച്ചു. ന്യായപ്രമാണം ക്രിസ്തുവിലും, ക്രിസ്തു നമ്മുടെ ആത്മാവിലും ആണ്. അങ്ങനെ, "ക്രിസ്തുയേശുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണ"ത്തെക്കുറിച്ച് റോമർ 8:2 സംസാരിക്കുന്നു. ഈ പ്രമാണം ക്രിസ്തുവിൽ മാത്രമല്ല, അത് ക്രിസ്തു ആണ്. നിങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കുകയും നിങ്ങളുടെ രക്ഷിതാവായി അവനെ അംഗീകരിക്കുകയും ചെയ്തപ്പോൾ നിങ്ങൾ ജീവന്റെ പ്രമാണം സ്വീകരിച്ചു.

Mon

## ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുവാൻ അനുവദിക്കുന്നത്

ദൈവം മോശെക്ക് ന്യായപ്രമാണം നല്കിയപ്പോൾ, തന്റെ ജനം അതു പ്രമാണിക്കണമെന്ന് ദൈവം ആഗ്രഹിച്ചില്ല. താൻ എന്തി തരം ദൈവമാണെന്നും താൻ എന്താണ് ആഗ്രഹിക്കുന്നതെന്ന് അവർക്കു വെളിപ്പെടുത്താനുമാണ് അവൻ അവർക്ക് ന്യായപ്രമാണം നല്കിയത്. മനുഷ്യൻ തന്റെ ആവിഷ്കാരമായിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നതുകൊണ്ട്, തന്നെപ്പോലെ, താൻ ആയിരിക്കുന്നതുപോലെ തന്നെ, അവർ ആയിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു. ദൈവത്തിന് ഈ ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും ഒന്നും സംഭവിച്ചില്ല. പകരം, മനുഷ്യൻ തന്നെത്തന്നെ ദൈവത്തെപ്പോലെയാക്കുവാൻ പരിശ്രമിച്ചുകൊണ്ട് ദൈവത്തെ അനുകരിക്കുവാൻ ശ്രമിച്ചു. എന്നാൽ മനുഷ്യൻ പരാജയപ്പെട്ടു. ഒരു ദിവസം യഥാർഥ ന്യായപ്രമാണം, ജീവിക്കുന്ന ന്യായപ്രമാണം, ദൈവത്തിന്റെ സാക്ഷ്യത്തിന്റെ യാഥാർഥ്യമായ ക്രിസ്തു, വരികയും നാം അവനെ നമ്മിലേക്ക് സ്വീകരിക്കുകയും ചെയ്തു. തൽഫലമായി, ഈ യഥാർഥ ന്യായപ്രമാണം, ന്യായപ്രമാണത്തിന്റെ യാഥാർഥ്യം, നമ്മുടെ ആളത്തത്തിന്റെ കേന്ദ്രത്തിലേക്ക് പണിതുചേർക്കപ്പെട്ടു. ഇപ്പോൾ നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ആന്തരികമായ ഭാഗത്ത് അത്ഭുതകരമായ ഒന്നുണ്ട്—ന്യായപ്രമാണത്തിന്റെ യഥാർഥ്യമായ ക്രിസ്തു. കൂടാരത്തിലെ ഏറ്റവും ഉള്ളിലുള്ള കാര്യം ന്യായപ്രമാണമാണെന്ന് നാം കണ്ടു. ഇന്ന് നമ്മുടെ ഏറ്റവും ഉള്ളിലുള്ള കാര്യം ന്യായപ്രമാണത്തിന്റെ യാഥാർഥ്യമായി നമ്മുടെ

ആത്മാവിലുള്ള ക്രിസ്റ്റു ആണ്. ഇപ്പോൾ ഈ ന്യായപ്രമാണം നമ്മുടെ ഉള്ളിൽ ഉള്ളതിനാൽ, ഇനി അത് നാം ന്യായപ്രമാണം പാലിക്കുന്നതിന്റെ കാര്യമല്ല; അത് തികച്ചും ക്രിസ്റ്റുവിനെ നമ്മിൽനിന്നു ജീവിച്ചു വെളിപ്പെടുത്തുവാൻ അനുവദിക്കുന്നതിന്റെ കാര്യമാണ്. പുറമേനിന്നും ന്യായപ്രമാണത്തെ പാലിക്കുവാൻ നാം ശ്രമിക്കരുത്, നമ്മുടെ ഉള്ളിൽനിന്നും ക്രിസ്റ്റുവിനെ ജീവിക്കുവാൻ അനുവദിക്കുക.

യെഹൂദ മതമോ, കത്തോലിക്കാ മതമോ, പ്രൊട്ടസ്റ്റാന്റ് മതമോ, ഏതു മതവും ഒരുപോലെയാണ്. ദൈവത്തിന്റെ ഉദ്ദേശ്യം ന്യായപ്രമാണത്തെ നമ്മുടെ ഏറ്റവും ഉള്ളിലുള്ള ഭാഗത്ത് വയ്ക്കുകയും, അത് നാം പാലിക്കുവാൻ ശ്രമിക്കുകയല്ല, അതിന് നമ്മെത്തന്നെ സമർപ്പിക്കണമെന്നതുമാണ്. നമുക്ക് ന്യായപ്രമാണം പാലിക്കുവാൻ കഴിയുകയില്ലെങ്കിലും നാം അതിനു സമർപ്പിക്കുകയും അതിനെ നമ്മിൽനിന്നു ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യണം. ന്യായപ്രമാണം കാക്കുവാൻ ജനത്തെ പഠിപ്പിക്കുന്ന മതം ഇതിന്റെ നേരേ വിപരീതമാണ്. ക്രിസ്ത്യാനികൾ വേദപുസ്തകം വായിക്കുമ്പോൾ, അവർ മിക്കപ്പോഴും കല്പനകളായി പ്രമാണിക്കാനുള്ള വാക്യങ്ങൾ തിരഞ്ഞെടുക്കുന്നു. ഉദാഹരണത്തിന്, നല്ല ഭർത്താക്കന്മാര ല്ലാത്ത വിവാഹിതരായ സഹോദരന്മാർ, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പെട്ടിരിക്കണം എന്നു പറയുന്ന കല്പന എപ്പോഴും തിരഞ്ഞെടുക്കുന്നു. എന്നാൽ നല്ല ഭർത്താക്കന്മാർ തിരഞ്ഞെടുക്കുന്നത്, ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം എന്നു പറയുന്ന കല്പനയാണ്. ഈ സഹോദരന്മാർ പറയുന്നു, "കർത്താവേ, ഈ കല്പന നിറവേറ്റുവാൻ എനിക്കു കഴിയുകയില്ല. കടന്നുവന്ന് ദയവായി എന്നെ സഹായിക്കേണമേ. കർത്താവേ, കഴിഞ്ഞ കാലങ്ങളിൽ സ്നേഹിക്കുന്ന ഒരു ഭർത്താവായി ഞാൻ പെരുമാറിയിട്ടില്ല. എന്നോടു ക്ഷമിക്കുകയും എന്നെ ഏറ്റവും നല്ല ഭർത്താവാക്കുകയും ചെയ്യണമേ." ഈ രീതിയിൽ നിങ്ങൾ പ്രാർഥിച്ചേക്കാമെങ്കിലും, നിങ്ങൾ ഒരിക്കലും വിജയിക്കുകയില്ല. അങ്ങനെയുള്ള ഭർത്താവ് തന്റെ ഭാര്യക്കുവേണ്ടിയുള്ള യഥാർഥ സ്നേഹം ക്രിസ്റ്റുവാണെന്ന് തിരിച്ചറിയണം. ഈ സ്നേഹം നമ്മിൽ ഉള്ളതിനാൽ, നാം സ്നേഹിക്കുവാൻ ശ്രമിക്കേണ്ട ആവശ്യമില്ല. ഈ സ്നേഹത്തിന്, അതായത് ക്രിസ്റ്റുവിന്, നാം സമർപ്പിക്കുകമാത്രം ചെയ്യുകയും നമ്മിൽനിന്നു പുറത്തുവരാൻ അവനെ അനുവദിക്കുകയും ചെയ്യുക.

താഴ്മയുടെ ഉദാഹരണം എടുക്കുക. യാക്കോബ് 4:6 പറയുന്നു, "ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു." കഴിഞ്ഞ കാലത്ത് ഞാൻ ഈ വാക്യം വായിച്ചിനുശേഷം ഞാൻ പ്രാർഥിച്ചു, "കർത്താവേ,

താഴ്മയുള്ളവനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ കർത്താവേ, താഴ്മയുള്ളവനായിരിക്കുവാൻ എനിക്കു പ്രയാസമാണെന്ന് നീ അറിയുന്നു. ദയവുചെയ്ത് എന്നെ സഹായിക്കേണമേ." ഈ പ്രാർഥന മതത്തിന്റെ ഇരുട്ടിലാണ്. ഒരു ദിവസം കർത്താവ് എന്റെ കണ്ണു തുറക്കുകയും, എന്റെ പേര് അഹങ്കാരമാണെന്നും എനിക്കൊരിക്കലും താഴ്മയുള്ള വനായിരിക്കാൻ കഴിയില്ലെന്നും ഞാൻ കാണുകയും ചെയ്തു. അഹങ്കാരത്തിന് എങ്ങനെ താഴ്മയുള്ളവനായിരിക്കുവാൻ കഴിയും? ഞാൻ ഒരു നായയാണ്. എങ്ങനെ ഒരു നായയ്ക്ക് ഒരു പക്ഷിയായിരിക്കുവാൻ കഴിയും? അത് അസാധ്യമാണ്. നമുക്കൊരിക്കലും താഴ്മയുള്ളവരായിരിക്കുവാൻ കഴിയില്ലെന്നും യഥാർഥ താഴ്മ ക്രിസ്തുവാണെന്നും കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടണം. നാം നമ്മെത്തന്നെ അവനു സമർപ്പിക്കുകയും, "കർത്താവേ, നീ ചെയ്യണമേ. ഇനി ഞാനല്ല, ക്രിസ്തുവത്രേ എന്നിലും എന്നിൽനിന്നും ജീവിക്കുന്നത്" എന്നു പറയുകയും വേണം. നിങ്ങൾ ക്രിസ്തുവിന് സമർപ്പിക്കുന്നുവെങ്കിൽ, അവൻതന്നെ നിങ്ങളിൽനിന്നു ജീവിക്കുകയും, നിങ്ങൾ ദൈവത്തിന്റെ ആവിഷ്കാരവും സാക്ഷ്യവും ആയിത്തീരുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ.

## ന്യായപ്രമാണത്തിന്റെ യാഥാർഥ്യമായി ക്രിസ്തു ഉണ്ടായിരിക്കാനുള്ള വഴി

ന്യായപ്രമാണത്തിന്റെ യാഥാർഥ്യമായ ക്രിസ്തു എങ്ങനെ നമുക്ക് യഥാർഥമായിരിക്കുവാൻ കഴിയും? പെട്ടകത്തിന്റെ ഉള്ളടക്കം ഒരിക്കൽക്കൂടെ പരിഗണിക്കുക. മന്നയെന്ന ഒന്നാമത്തെ വസ്തുവിനെ ആദ്യം തളിർക്കുന്ന വടിയും പിന്നെ സാക്ഷ്യവും അനുഗമിക്കുന്നു. നാം ക്രിസ്തുവിനെ മറഞ്ഞിരിക്കുന്ന മന്നയായി ഭക്ഷിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ ചിലത് നമ്മുടെ ഉള്ളിൽ തളിർക്കും എന്നാണ് ഇതു വിവക്ഷിക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നത്. നാം ഭക്ഷിക്കുന്ന മന്ന ഒടുവിൽ നമ്മിൽ തളിർക്കുന്ന മൂലകമായിത്തീരുന്നു. നാം ക്രിസ്തുവിനെ എത്രയധികം ഭക്ഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുവോ, അത്രയുമധികം അവൻ നമ്മുടെ തളിർക്കുന്ന മൂലകമായിത്തീരുന്നു. ഈ മൂലകം പുഷ്പിക്കുകയും ഫലം കായ്ക്കുകയും ചെയ്യുമ്പോൾ അതാണ് സാക്ഷ്യം, ആവിഷ്കാരം. ചിലപ്പോൾ വൈകുന്നേരമാകുമ്പോൾ ഞാൻ തളരുകയും എന്റെ ഉദരം ശൂന്യമായിരിക്കുകയും ചെയ്യും. ഇത് സൂചിപ്പിക്കുന്നത് ഞാൻ എന്തെങ്കിലും ഭക്ഷിക്കണം എന്നാണ്. ഞാൻ ഭക്ഷിച്ചു തീർന്നശേഷം, ഞാൻ നിറയപ്പെടുകയും വേഗത്തിലുള്ള ഒരു രൂപാന്തരം അനുഭവിക്കുകയും ചെയ്യുന്നു, കാരണം ഞാൻ

അത്താഴത്തിനു കഴിച്ച ഭക്ഷണം എന്റെ ആവിഷ്ക്കാരവും സാക്ഷ്യവുമായിത്തീർന്നുകൊണ്ട് എന്നിൽനിന്നും പുഷ്പിക്കുവാൻ തുടങ്ങുന്നു. ഇതേ രീതിയിൽ, ന്യായപ്രമാണത്തിന്റെ യാഥാർത്ഥ്യമായി ക്രിസ്തുവിനെ നാം അനുഭവിക്കണമെങ്കിൽ, നാം ആദ്യം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കണം. ഈ മന്ന നമ്മുടെ ഉള്ളിൽ കടന്നുകഴിഞ്ഞാൽ അത് തളിർക്കുന്ന മൂലകമായിത്തീരുകയും, തളിർക്കുന്ന ഈ മൂലകം ദൈവത്തിന്റെ ആവിഷ്ക്കാരവും സാക്ഷ്യവുമായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

നാം യാഗപീഠത്തിങ്കലോ, തൊട്ടിയിങ്കലോ തങ്ങരുത്; ഉപരിപ്ലവമായ ആഹാരം കഴിച്ചുകൊണ്ട് വിശുദ്ധസ്ഥലത്തിൽപോലും തങ്ങരുത്. നാം അതിവിശുദ്ധസ്ഥലത്തിലേക്ക് മുന്നോട്ടുവരുകയും, പെട്ടകത്തിലേക്ക് പ്രവേശിക്കുകയും, മറഞ്ഞിരിക്കുന്ന ക്രിസ്തു എന്ന മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുകയും വേണം. അപ്പോൾ ഈ ക്രിസ്തു നമ്മുടെ തളിർക്കുന്ന മൂലകമായിത്തീരും. അവൻ തളിർക്കുകയും പൂക്കുകയും ചെയ്യുമ്പോൾ അവൻ ഫലംകായ്ക്കും, അത് ദൈവത്തിന്റെ ആവിഷ്ക്കാരവും സാക്ഷ്യവുമായിരിക്കും. ഈ സാക്ഷ്യം പത്തു കല്പനകളോട് യോജിക്കുകയും അതിനെ കവിയുകപോലും ചെയ്യും. നാം ഇപ്പോൾ പ്രാകാരത്തിലോ, വിശുദ്ധസ്ഥലത്തിൽപോലുമോ അല്ല, അതിവിശുദ്ധസ്ഥലത്താണ് എന്നതിനായി കർത്താവിനെ സ്തുതിക്കാം. ഇപ്പോൾ നാം പെട്ടകത്തെ തൊടുകയും, മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുകയും ചെയ്യുന്നതിനാൽ നാം തീർച്ചയായും തളിർക്കുകയും, പൂക്കുകയും ഫലം കായ്ക്കുകയും ചെയ്യും. ഈ രീതിയിൽ നമുക്ക് ദൈവത്തിന്റെ സാക്ഷ്യം ഉണ്ടായിരിക്കും.